## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2278 8/12/2015-ൽ മറുപടിക്ക്**

## ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നാദാപുരം നിയോജകമണ്ഡലത്തിലെ ചാത്തൻകോട്ടുനട ചെറുകിട ജല വൈദ്യുത പദ്ധതിക്കായി ബഡ്ജറ്റിൽ എന്നാണ് തുക വകയിരുത്തിയത് ; | (എ) 2010 മുതൽ നിർമ്മാണ ആവശ്യാർത്ഥം തുക വകയിരുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ എത്രപ്രാവശ്യം തുക റിവൈസ് ചെയ്തിട്ടുണ്ട് ; | (ബി) 2010-15 വരെയുള്ള ബഡ്ജറ്റിൽ അതാത് കൊല്ലത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആനുപാതികമായ തുകയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാറുള്ളത്. |
| (സി) പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; (ഡി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | **(സി) യും ഡി)യും** ഉണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുണ്ടായ കാലതാമസവും തുടർന്നുണ്ടായ കരാർ സംബന്ധമായ വിഷയങ്ങളും കാരണം പദ്ധതി പൂർത്തീകരണത്തിന് താമസം നേരിട്ടിട്ടുണ്ട്. |
| (ഇ) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) മേൽ സൂചിപ്പിച്ച കാരണങ്ങൾ ഏതെങ്കിലും പ്രത്യേക വ്യക്തിയോ ഏജൻസിയോ വരുത്തിത്തീർത്ത കാലതാമസമല്ലാത്തതിനാൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കുന്നത് പ്രായോഗികമല്ല. |

**സെക്ഷൻ ഓഫീസർ**

൯/